Draft #11 of File 50408/AD A1.1/2019/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 15-Jan-2020 11:40 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 50408/AD A1.1/2019/AD A1 തീയതി: 15.01.2020

**<u>സർക്കുലർ</u>**

വിഷയം:- കേരള സർക്കാരിൻറെ 'നാളത്തെ കേരളം ലഹരി വിമുക്ത നവകേരളം' എന്ന പേരിലുള്ള തീവ്രയജ്ഞ ബോധവൽക്കരണ പരിപാടി - 2020 ജനുവരി 16-ന് ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുന്നത് - സംബന്ധിച്ച്.

സൂചന :- പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11.01.2020 തീയതിയിലെ സർക്കുലർ നം. സിഡിഎൻ2/275/2019/പൊഭവ.

-------

'നാളത്തെ കേരളം ലഹരി വിമുക്ത നവകേരളം' എന്ന 90 ദിന തീവ്രയജ്ഞ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി എല്ലാ സർക്കാർ ഓഫീസുകളിലും ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇതിനനുസൃതമായി സർവ്വകലാശാലയിലും ഒരു ലഹരി വിരുദ്ധ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മറ്റി മുഖാന്തിരം 2020 ജനുവരി 16-ന് രാവിലെ 11.00 മണിക്ക് ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കേണ്ടതാണെന്ന് സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ഇതിൻപ്രകാരം, അന്നേ ദിവസം രാവിലെ 11.00 മണിക്ക് സർവ്വകലാശാലയുടെ ഭരണവിഭാഗം ചത്വരത്തിൽ വെച്ച് ലഹരി വിരുദ്ധ പ്രതിജ്ഞ (മറുപുറം ചേർത്തിരിക്കുന്നത് കാണുക) വായിക്കപ്പെടുന്നതാണ്. പ്രസ്തുത ചടങ്ങിൽ സർവ്വകലാശാല സമൂഹത്തിൽപ്പെട്ട എല്ലാവരും പങ്കെടുക്കേണ്ടതാണ്.

ഒപ്പ്

**പ്രേംകുമാർ ആർ**

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ.
4. ജോയിൻറ് രജിസ്ട്രാർ/ ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമികം/ധനകാര്യം)
5. എഡി.എ 6 സെക്ഷൻ (കമ്മറ്റി അംഗങ്ങളെ അറിയിക്കുന്നതിനും തുടർനടപടികൾക്കുമായി)
6. പബ്ലിക് റിലേഷൻസ് ഓഫീസർ/ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
7. നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# ലഹരി വിരുദ്ധ പ്രതിജ്ഞ

മയക്കുമരുന്നുകൾ ഉൾപ്പടെയുള്ള നിയമ വിരുദ്ധ ലഹരി പദാർത്ഥങ്ങൾ സമൂഹത്തെ തകർക്കുന്ന മാരക വിപത്താണ് എന്ന് ഞാൻ തിരിച്ചറിയുന്നു.

ലഹരിയോടുള്ള ആസക്തി അത് ഉപയോഗിക്കുന്ന വ്യക്തിയോടൊപ്പം കുടുംബത്തേയും സമൂഹത്തേയും പൂർണ്ണമായും നശിപ്പിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു. നാളത്തെ പൗരന്മാരാവേണ്ട വിദ്യാർത്ഥികളും യുവജനങ്ങളും ലഹരിയുടെ കരാള ഹസ്തങ്ങളിൽ അകപ്പെടാതെ അവരെ സംരക്ഷിക്കുമെന്ന് ഞാൻ പ്രതിജ്ഞയെടുക്കുന്നു. നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങൾ സൂക്ഷിക്കുകയോ, ഉപയോഗിക്കുകയോ, വിൽക്കുകയോ, ഉപയോഗിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയോ ചെയ്യുകയില്ലെന്നും, ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളിയായി നാടിനോടും ജനങ്ങളോടുമുള്ള എൻറെ കടമ നിറവേറ്റുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ജീവിതമാണ് ലഹരി എന്ന ആശയം ജീവിതത്തിൽ പകർത്തി ലഹരി മുക്ത നവകേരളം പടുത്തുയർത്താൻ എൻറെ എല്ലാ കഴിവുകളും വിനിയോഗിച്ച് പ്രവർത്തിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

Draft #11 of File 50408/AD A1.1/2019/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 15-Jan-2020 11:40 AM - Page 2